കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-6 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**ജി.ഒ (ആർ.ടി) നം. 2573/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 21/10/2013**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 28/11/2012-ലെ എം3-32601/12 നമ്പർ കത്ത്.

2) 29/08/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽഎഫ്/പിറ്റി3/26485/12 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 പ്രകാരം സഹവാസ ക്യാമ്പ് നടത്തുന്നതിനായി 25,000/- രൂപയും സ്കൂളുകളുടെ വാർഷികാഘോഷം നടത്തുന്നതിനായി 7 സ്കൂളുകൾക്ക് 2,000/- രൂപ വീതം 14,000/- രൂപയും അനുവദിച്ചത്, പ്ലാൻ ഫണ്ട് ഉത്പാദനപരമല്ലാത്ത ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ എന്നിവയ്ക്കുപയോഗിച്ചതിനാൽ ഓഡിറ്റ് നിരാകരിച്ചിരുന്നു. കൂടാതെ പാല ഗവ. ഹയർ സെക്കന്ററി സ്കൂളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താനായി പ്രത്യേക കോച്ചിംഗ് നൽകിയ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം നൽകിയ വകയിൽ 10,000/- രൂപയും ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് 6,000/- രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത്, ഹൈസ്കൂൾ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്ത വിഷയമായതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് തടസ്സപ്പെടുത്തിയ മേൽ പരാമർശിച്ച ചെലവുകൾ സാധൂകരിക്കുന്നതിന് 10/02/2011-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 55/11(3) നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. 10/09/2012-ൽ ചേർന്ന ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗവും സാധൂകരണം ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പ്രൊജക്ട് വഴി എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ പഠന നിലവാരം

ഉയർത്താനും വിജയശതമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടെന്നുള്ള പഞ്ചായത്തിന്റെ മറുപടിയുടെയും 10/09/2012-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6-ലെ തടസ്സങ്ങൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6-ൽ തടസ്സപ്പെടുത്തിയ 25,000/- രൂപയും (ഇരുപത്തി അയ്യായിരം രൂപ മാത്രം) 14,000/- (പതിനാലായിരം രൂപ മാത്രം) രൂപയും കൂടാതെ പാലാ ഹയർസെക്കണ്ടറി സ്കൂളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താനായി പ്രത്യേക കോച്ചിംഗ് നൽകിയ വകയിൽ 10,000/- രൂപയും (പതിനായിരം രൂപ മാത്രം) ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് 6,000/- രൂപയും (ആറായിരം രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം.എസ്. റഷീദ,
അണ്ടർ സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ